

കെ.ടി അബ്ദുർറഹീം

സദ്റുദ്ദീൻ വാഴക്കാട്

# ബസ്മതീയും പൊന്മണിയും

> **ഇപ്പോൾ വികർഷണ മനസ്സാണ് പ്രസംഗകരിൽ കണ്ടുവരുന്നത്, ആകർഷണ മനസ്സല്ല. പ്രസംഗകർ പ്രാധാന്യപൂർവം ശ്രദ്ധിക്കേണ്ട ഒരു വിഷയമാണിത്. ഒരു പ്രസംഗം അനുകൂലിക്കുന്നവരെ സന്തോഷിപ്പിക്കുകയും എതിർക്കുന്നവരെ വെറുപ്പിക്കുകയും ചെയ്യുകയാണെങ്കിൽ പരാജയമാണ്. അനുഭാവിയുടെയും അനുയായികളുടെയും കൈയടി വാങ്ങുകയെന്നതല്ല, എതിരാളികളുടെയും വിയോജിക്കുന്നവരുടെയും അംഗീകാരം നേടുകയെന്നതാണ് ഒരു പ്രസംഗകന്റെ വിജയം. എതിർക്കുന്നയാൾക്ക് സത്യം മനസ്സിലാക്കാനും തെറ്റ് തിരുത്താനും ശരിയിലേക്ക് വരാനും പ്രചോദനമുണ്ടാകണം. ഇതാണ് ആകർഷണ സ്വഭാവമുള്ള പ്രസംഗം.**

**കൃഷി** ചെറുപ്പകാലം മുതലേ താൽപര്യമുള്ള വിഷയമാണ്. ഏകദേശം പന്ത്രണ്ടാം വയസ്സു മുതൽ ചെറിയ തോതിലാണെങ്കിലും കൃഷിയിൽ ഏർപ്പെട്ടിരുന്നു. അന്ന് വയൽ ഉണ്ടായിരുന്നില്ല. പറമ്പിൽ ചെറിയ രീതിയിൽ കൃഷിയുണ്ടായിരുന്നു. കന്നുകാലികളെയും വളർത്തിയിരുന്നു. രണ്ടുമൂന്ന് ഏക്കർ ഭൂമിയുണ്ടായിരുന്നു. അതിൽ തെങ്ങും കശുമാവുമാണ് കാര്യമായി ഉണ്ടായിരുന്നത്. പിന്നീട് കശുമാവൊക്കെ മുറിച്ച് തെങ്ങ് വെച്ചു. ആലപ്പുഴയിൽ ഉപ്പയുടെ കൂടെ കിതാബോതിയിരുന്ന ഞാൻ, ഉപ്പ മരിച്ച ശേഷം നാടിനടുത്ത് കാണ്ടിപ്പറമ്പ് പള്ളിദർസിൽ കുറച്ചുകാലം കിതാബോതിയിരുന്നു. അക്കാലത്തും കൃഷിയിലേർപ്പെട്ടിരുന്നു.

### കൃഷിഭൂമിയിൽ

ഗൾഫിൽനിന്ന് വന്ന ശേഷമാണ് കൃഷിയിൽ സജീവമായത്. ഇവിടെ അടുത്ത് കുറച്ച് സ്ഥലം വാങ്ങി കൃഷി തുടങ്ങി. മലമുകളിലെ സ്ഥലത്ത് തെങ്ങ്, കശുമാവ്, കുറച്ച് റബർ എന്നിവയും വയലിൽ നെൽകൃഷിയുമാണ് ചെയ്തത്. സ്വന്തമായുള്ള വയലിന് പുറമെ മറ്റൊരാളിൽനിന്ന് പാട്ടത്തിനെടുത്തും നെൽകൃഷി ചെയ്തിരുന്നു. പണിക്കാരെ കിട്ടാതെ വന്നപ്പോഴാണ് നെൽകൃഷി നിർത്തിയത്. നെൽകൃഷിക്ക് പണിക്കാരെയൊന്നും ഇപ്പോൾ കിട്ടാനില്ല. മുമ്പ് നെല്ല് കൊയ്യാൻ വിളിക്കാതിരുന്നാൽ പണിക്കാർക്ക് പരാതിയായിരുന്നു. ഇപ്പോൾ അതിനൊന്നും ആളില്ലാതായി. ആദ്യകാലത്ത് 'പതം' ആയിരുന്നു കൂലി. പത്തു പറ നെല്ലുണ്ടെങ്കിൽ ഒരു പറ കൊയ്ത് മെതിക്കുന്ന പണിക്കാരന് കൊടുക്കണം. ഇതാണ് 'പതം'. പിന്നീട് എഴിന് ഒന്നും അഞ്ചിനൊന്നുമൊക്കെയായി. ഇപ്പോൾ 'പത'ത്തിന് ആരും കൊയ്യാറില്ല. 250-300 രൂപ കൂലി കൊടുക്കണം. അത് വലിയ നഷ്ടമാണ് കർഷകന്. ഞാൻ അവസാനം നെല്ലുണ്ടാക്കിയപ്പോൾ, കൊയ്യാനും മെതിക്കാനും മാത്രം ചെലവായ കാശിനേക്കാൾ കുറവാണ് വൈക്കോലും നെല്ലും വിറ്റു കിട്ടിയ പണം. കൃഷി നടത്തിയ ചെലവ് വേറെ. അതും കൂടി ചേർത്താൽ ഭീമമായ നഷ്ടമാണ് നെൽകൃഷിയിലുണ്ടായത്. അതോടെ നെൽകൃഷിയോട് വിടപറഞ്ഞു. പല നെൽവിത്തുകളും ഞാൻ പരീക്ഷിച്ചിരുന്നു. ഉദാഹരണമായി ബസ്മതി. ആന്ധ്രയിൽനിന്ന് വിത്തുകൊണ്ടുവന്നാണ് ബസ്മതി കൃഷി ചെയ്തിരുന്നത്. അതിവിടെയൊന്നും ഉണ്ടായിരുന്നില്ല. നല്ല വിള കിട്ടിയെങ്കിലും കുത്തി അരിയാക്കാനുള്ള മില്ലുകൾ ഇവിടെ കുറവാണ്. പാലക്കാട്ടും

**ശൂറാ സംവിധാനമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സവിശേഷതകളിലൊന്ന്. ശൂറയുടെ മുമ്പിൽ വരുന്ന വിഷയങ്ങളെക്കുറിച്ച് വിശദവും ആഴത്തിലുള്ളതുമായ ചർച്ചകൾ നടക്കും. ഭിന്ന വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ അംഗങ്ങൾ അവതരിപ്പിക്കും. നല്ല സംവാദങ്ങളും നടക്കും. ഭൂരിപക്ഷാഭിപ്രായമനുസരിച്ച് തീരുമാനങ്ങളെടുക്കും. തള്ളപ്പെട്ട അഭിപ്രായങ്ങളുള്ളവരും സർവാത്മനാ തീരുമാനം അംഗീകരിക്കും. വീക്ഷണങ്ങളിൽ ഭിന്നതയുണ്ടാകുമ്പോഴും അംഗങ്ങൾക്കിടയിൽ കവിഞ്ഞ സ്നേഹവും ആദരവും നിലനിൽക്കും. തീരുമാനമെടുത്തു കഴിഞ്ഞാൽ പിന്നെ ഒരാളും അതിനെ എതിർക്കില്ല. ആർക്കുമിടയിൽ ഒരു നീരസവും ഉണ്ടാകില്ല.**



കെ.സി. അബ്ദുല്ല മൗലവി

ചെമ്മാട്ടുമാണ് അതിനുള്ള മില്ലുകളുള്ളത്. റബറൈസ്ഡ് മില്ലിലാണ് ബസ്മതി കുത്തുക. മറ്റു മില്ലുകളിൽ കുത്തിയാൽ അരി പൊടിഞ്ഞു പോകും. രണ്ടു വർഷമോ മറ്റോ ആണ് ബസ്മതിയുണ്ടാക്കിയത്. പിന്നീട് ഈ പ്രയാസം കാരണം നിർത്തി. നെല്ലുകളിൽ വളരെ പ്രധാനപ്പെട്ടതാണ് നവര. കുട്ടികൾക്ക് കൊടുക്കുന്ന നവര നെല്ല് കൃഷി ചെയ്തിരുന്നു. ഔഷധഗുണമുള്ള നെല്ലാണത്. പൊൻമണി, പട്ടാമ്പി നെല്ലുകളും ഉണ്ടാക്കിയിരുന്നു. ഇപ്പോൾ രണ്ടു വർഷമായി നെൽകൃഷി ചെയ്യാറില്ല. പാലക്കാട്ടും കുട്ടനാട്ടിലും പണിക്കാരെ കിട്ടാൻ പ്രയാസമില്ലാത്തതിനാൽ അവിടെ നെൽകൃഷി നിലനിൽക്കുന്നുണ്ട്.

നെൽകൃഷി നിർത്തിയ ശേഷം വാഴ, കപ്പ തുടങ്ങിയവയും പച്ചക്കറികളുമൊക്കെയാണ് ഇപ്പോഴത്തെ കൃഷി. മിക്കവാറും എല്ലാ ഇനം പച്ചക്കറികളും എന്റെ തോട്ടത്തിലുണ്ട്. അഞ്ചാറു വർഷം മുമ്പ് പയർ നന്നായി ഉണ്ടായിരുന്നു. ഇപ്പോൾ അതത്ര വിജയിക്കുന്നില്ല. രാസവളവും കീടനാശിനികളും ഉപയോഗിച്ചാലേ പയറും മറ്റും നന്നായി ഉണ്ടാകൂ. രാസവളം പൊതുവെ ഉപയോഗിക്കാറില്ല. അത്യാവശ്യം വരുമ്പോൾ മാത്രം അൽപം ഉപയോഗിക്കും. രാസവളത്തിലുണ്ടായ വിത്തുകൾക്ക് അതില്ലാതെ വളരാനാകില്ല. അതുകൊണ്ട് തുടക്കത്തിൽ അൽപം രാസവളം ഉപയോഗിച്ച ശേഷം ജൈവ വളത്തിലേക്ക് മാറും. കീടനാശിനികളും കഴിവതും ഉപയോഗിക്കാറില്ല. കീടനാശിനി തളിച്ച ശേഷം ഇരുപത് ദിവസമെങ്കിലും കഴിഞ്ഞാലേ പച്ചക്കറികളും പഴങ്ങളുമൊക്കെ ഉപയോഗിക്കാൻ പററൂ. നമ്മൾ ഇപ്പോൾ ഉപയോഗിക്കുന്ന പച്ചക്കറികളും പഴവർഗങ്ങളുമൊക്കെ മിക്കവാറും മാരകമായ കീടനാശിനികളും രാസവളങ്ങളും അടങ്ങിയതാണ്. നിശബ്ദ കൊലയാളിയാണത്. അവയിലേറ്റവും വലിയ വിഷമാണ് ഫ്യൂരഡാൻ. ഞാൻ ഇതുവരെ ഫ്യൂരഡാൻ കണ്ടിട്ടുമില്ല, ഉപയോഗിച്ചിട്ടുമില്ല.

എല്ലാ ഇനം വാഴകളും കൃഷി ചെയ്യുന്നുണ്ട്. ചെങ്കദളി തിരുവനന്തപുരത്തു നിന്ന് കൊണ്ടുവന്നാണ് കൃഷി തുടങ്ങിയത്. ഇപ്പോൾ ഇവിടെ പലരും ചെങ്കദളി ഉണ്ടാക്കുന്നുണ്ട്. വിൽപന ലക്ഷ്യം വെച്ച് നേന്ത്രവാഴ കൃഷി ചെയ്തിരുന്നു. അത് സാമ്പത്തികമായി നഷ്ടമാണെന്ന് മനസ്സിലായതോടെ നിർത്തി. മിക്കവാറും ഒരേ സമയത്തായിരിക്കും നേന്ത്രവാഴയുടെ വിളവെടുപ്പ്. കച്ചവടക്കാർ അപ്പോൾ വില കുറക്കും. അത് കർഷകർക്ക് വലിയ നഷ്ടമുണ്ടാക്കും. നല്ല വിളവ് കിട്ടുമ്പോഴാണ് നല്ല വില കിട്ടേണ്ടത്. എങ്കിലേ കർഷകർക്ക് ലാഭമുണ്ടാകൂ. നമ്മുടെ മാർക്കറ്റ് ഇതിനു വിപരീതമാണ്. കച്ചവടക്കാരും ഇടനിലക്കാരുമാണ് വില തീരുമാനിക്കുന്നത്. അവർ വില കുറക്കുന്നുവെന്ന് മനസ്സിലായപ്പോഴാണ് പലരും നേന്ത്രവാഴ കൃഷി ഉപേക്ഷിച്ചത്. വില കുറഞ്ഞാലും കൂടിയാലും കച്ചവടക്കാർക്ക് ലാഭം കിട്ടും, നഷ്ടമുണ്ടാവില്ല. പിന്നെ എന്തിനാണവർ വിലകുറച്ച് കൃഷിക്കാരെ നഷ്ടത്തിലാക്കുന്നത്? കാർഷിക മേഖല തകർക്കുകയെന്ന ഗൂഢാലോചന ഇതിനു പിന്നിലുണ്ട്.

നമ്മുടേത് കാർഷിക രാജ്യമായതുകൊണ്ട്, കൃഷി നശിച്ചാലേ രാജ്യത്തിന്റെ സാമ്പത്തികാവസ്ഥ തകരൂ. അതിനുള്ള ഗൂഢാലോചനകൾ സാമ്രാജ്യത്വശക്തികൾ നടത്തുന്നുണ്ടാകണം. അന്തകവിത്ത് അവരുടെ ഗൂഢാലോചനയുടെ ഉദാഹരണമാണ്. മറ്റൊന്ന്, തൊഴിലാളികളുടെ ആധിപത്യമാണ്. കേരളത്തിൽ ഇടതുപക്ഷം ശക്തമായതിനാൽ തൊഴിലാളികൾക്ക് മേധാവിത്വമുണ്ട്. തൊഴിലുടമകൾ(മുതലാളിമാർ/ബുർഷ്വാസികൾ എന്ന് മാർക്സിയൻ വിശകലനം) എങ്ങനെയെങ്കിലും നശിക്കട്ടെയെന്നാണ് തൊഴിലാളി സംഘടനകളുടെ മനസ്. എനിക്ക് ജോലി തരുന്ന, ഉപജീവനമാർഗം നൽകുന്ന ആൾക്ക് എന്തെങ്കിലും ലാഭം ഉണ്ടാകട്ടെ, അയാൾ നിലനിൽക്കട്ടെ എന്ന മനസ്സുണ്ടെങ്കിലേ സഹകരണ സമീപനമുണ്ടാകൂ. ആ സഹകരണ മനസ്സല്ലല്ലോ തൊഴിലാളികളെ പഠിപ്പിച്ചത്, സംഘട്ടന മനസ്സല്ലേ മാർക്സിസം വളർത്തിയെടുത്തിട്ടുള്ളത്.

മാർക്സിസം മുന്നോട്ടുവെക്കുന്ന അടിസ്ഥാന കാഴ്ചപ്പാടുകളാണ് വൈരുധ്യാധിഷ്ഠിത ഭൗതികവാദവും വർഗ സംഘട്ടനവും. രണ്ട് വൈരുധ്യങ്ങൾ തമ്മിൽ സംഘർഷങ്ങളും സംഘട്ടനങ്ങളുമുണ്ടാകുന്നു. അപ്പോഴവ തകർന്ന് മൂന്നാമതൊന്നുണ്ടാകുന്നു. ഇത് തുടർന്നുകൊണ്ടേയിരിക്കും. ഇതാണീ സിദ്ധാന്തത്തിന്റെ പൊരുൾ. വളരെ ചെറിയൊരു കാര്യം അവതരിപ്പിക്കാനാണ് അനേകായിരം പേജുകൾ മാർക്സിയൻ ചിന്തകന്മാർ എഴുതി നിറച്ചിട്ടുള്ളത്. നിരവധി വാള്യങ്ങളുള്ള പുസ്തകങ്ങൾ പുറത്തിറക്കിയത്. ഇത്രയൊക്കെ പറയാൻ മാത്രം എന്താണ് മാർക്സിസത്തിലുള്ളത്.

അല്ലാഹുവിന്റെ സൃഷ്ടിജാലങ്ങളിൽ വൈരുധ്യങ്ങളില്ല. വൈവിധ്യങ്ങളേയുള്ളൂ. വൈവിധ്യങ്ങളുള്ള രണ്ടെണ്ണം കൂടിച്ചേരുമ്പോഴാണ് പ്രയോജനകരമായ മൂന്നാമതൊരെണ്ണം ഉണ്ടാകുന്നത്. വൈവിധ്യങ്ങൾ തമ്മിലുള്ള സമന്വയമാണ് പ്രപഞ്ചത്തിന്റെ താളം. വൈരുധ്യങ്ങൾ തമ്മിലുള്ള സംഘട്ടനമല്ല. രണ്ട് വൈരുധ്യങ്ങൾ തമ്മിലുള്ള സംഘട്ടനത്തിന്റെ അനന്തര ഫലം തകർച്ചയായിരിക്കും. വർഗസംഘട്ടന സിദ്ധാന്തത്തെക്കുറിച്ച് ആലോചിക്കുമ്പോൾ മഹാനായ മാർക്സ് അദ്ദേഹത്തെ കുറിച്ചുതന്നെ ചിന്തിച്ചില്ലല്ലോ എന്നെനിക്ക് തോന്നാറുണ്ട്. അദ്ദേഹത്തിന്റെ മാതാവും പിതാവും കൂടിച്ചേർന്നപ്പോഴാണ് അദ്ദേഹം ജനിച്ചത്; കൂട്ടിമുട്ടിയപ്പോഴല്ല. പ്രത്യക്ഷ്യത്തിൽ വൈരുധ്യമുണ്ടെന്ന് തോന്നുന്നവ തമ്മിൽ വൈരുധ്യമല്ല വൈവിധ്യമാണ് ഉള്ളത്. തീയും വെള്ളവും ഉദാഹരണം. അവ കൂടിച്ചേരുമ്പോൾ മൂന്നാമതൊന്നു ജനിക്കും. അടുപ്പിൽ തീകത്തിച്ച് അതിന് മുകളിൽ പാത്രത്തിൽ വെള്ളം വെച്ച് തിളപ്പിച്ച് ചായയു

ണ്ടാക്കുന്നു. വൈവിധ്യങ്ങൾ കൂടിച്ചേരുകയും പുതിയ ഒന്ന് ജനിക്കുകയും ചെയ്യുന്നു. തീയും വെള്ളവും കൂട്ടിമുട്ടുമ്പോൾ തീ അണഞ്ഞു പോകുന്നു. മാർക്സിസത്തിന്റെ സംഘട്ടന സിദ്ധാന്തം അടിസ്ഥാനപരമായിത്തന്നെ അബദ്ധമാണ്. മുപ്പത് വർഷത്തോളം ഞാനിതിനെക്കുറിച്ച് ചിന്തിച്ചു. എന്താണ് ഖുർആൻ ഇതിനെ കുറിച്ച് പറയുന്നത്? ഇതായിരുന്നു എന്റെ അന്വേഷണം. അങ്ങനെയാണ് ഖുർആനിൽനിന്ന് എനിക്കൊരു ഉത്തരം കിട്ടിയത്. അല്ലാഹു പറയുന്നു: "അല്ലാഹു ഏതെല്ലാം ബന്ധങ്ങൾ കൂട്ടിച്ചേർക്കുവാൻ ആജ്ഞാപിച്ചിട്ടുണ്ടോ അവയെ കൂട്ടിച്ചേർക്കുകയും തങ്ങളുടെ റബ്ബിനെ ഭയപ്പെടുകയും അവങ്കൽനിന്നുള്ള മോശമായ വിചാരണയുണ്ടാവുന്നതിനെ ആശങ്കിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതാകുന്നു അവരുടെ നിലപാട്" (*അർറഅ്ദ്* 21). "എന്നാൽ അല്ലാഹുവുമായുള്ള പ്രതിജ്ഞ സുദൃഢമാക്കിയ ശേഷവും പൊട്ടിച്ചെറിയുകയും അവൻ ചേർക്കാൻ ആജ്ഞാപിച്ചവയെ ഛേദിക്കുകയും ഭൂമിയിൽ നാശം പരത്തുകയും ചെയ്യുന്നവർ ശാപത്തിനർഹരാകുന്നു. അതി ദുർഭഗമായ പാർപ്പിടമത്രെ അവർക്കുള്ളത്" (*അർറഅ്ദ്* 25).

ഉൽപാദനം നടത്തുന്നവർക്ക് ദൈവഭക്തിയുണ്ടാകണം. ഉൽപാദനം നന്മക്കുവേണ്ടി മാത്രമായിരിക്കണമെന്ന ചിന്തയും വേണം. ആറ്റമിക് എനർജിയെ ആറ്റംബോംബ് എന്ന നശീകരണായുധത്തിനു വേണ്ടിയല്ല, വ്യാവസായിക, കാർഷിക ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. ഇതാണ് ഒന്നാം സൂക്തത്തിന്റെ ആശയം. സമന്വയിപ്പിക്കേണ്ടതിനു പകരം മുറിച്ചുമാറ്റുകയും സംഘട്ടനത്തിലേക്ക് നയിക്കുകയും ചെയ്താൽ നാശം (ഫസാദ്) ആയിരിക്കും ഫലം. അവർക്ക് ശാപവും മോശമായ പരിണതിയുമാണുണ്ടാവുകയെന്ന് ഖുർആൻ പറയുന്നു. പരലോകത്ത് മാത്രമല്ല, ദുൻയാവിൽ തന്നെ. സോവിയറ്റ് യൂനിയൻ തകർന്നപ്പോൾ ലെനിന്റെയും സ്റ്റാലിന്റെയും പ്രതിമകൾ വരെ ജനം അടിച്ചുതകർത്തു. അവർ അന്ന് ജീവിച്ചിരിപ്പുണ്ടെങ്കിൽ ജനങ്ങൾ എങ്ങനെയാവും പ്രതികരിക്കുക? ജനതയുടെ ശാപമാണത്. സൂറത്തുൽ ഫാത്തിഹയിൽ, 'വഴിതെറ്റിയവരുടെയും കോപത്തിന് പാത്രമായവരുടെയും വഴിയല്ല' എന്ന് പറയുന്നതും ഇതിനോട് ചേർത്തുവായിക്കണം.


### ഖലീഫയും കൃഷിയും

ഇസ്‌ലാം കൃഷിക്ക് നൽകിയ പ്രാ

**അല്ലാഹുവിന്റെ സൃഷ്ടിജാലങ്ങളിൽ വൈരുധ്യങ്ങളില്ല. വൈവിധ്യങ്ങളേയുള്ളൂ. വൈവിധ്യങ്ങളുള്ള രണ്ടെണ്ണം കൂടിച്ചേരുമ്പോഴാണ് പ്രയോജനകരമായ മൂന്നാമതൊരെണ്ണം ഉണ്ടാകുന്നത്. വൈവിധ്യങ്ങൾ തമ്മിലുള്ള സമന്വയമാണ് പ്രപഞ്ചത്തിന്റെ താളം. വൈരുധ്യങ്ങൾ തമ്മിലുള്ള സംഘട്ടനമല്ല. രണ്ട് വൈരുധ്യങ്ങൾ തമ്മിലുള്ള സംഘട്ടനത്തിന്റെ അനന്തര ഫലം തകർച്ചയായിരിക്കും. വർഗസംഘട്ടന സിദ്ധാന്തത്തെക്കുറിച്ച് ആലോചിക്കുമ്പോൾ മഹാനായ മാർക്സ് അദ്ദേഹത്തെ കുറിച്ചുതന്നെ ചിന്തിച്ചില്ലല്ലോ എന്നെനിക്ക് തോന്നാറുണ്ട്.**

ധാന്യവും പ്രോത്സാഹനവുമാണ് കൃഷിയിലേർപ്പെടാനുള്ള എന്റെ അടിസ്ഥാന പ്രചോദനം. കൃഷി പലതരത്തിലും ഗുണകരമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. കൃഷി സാമ്പത്തികമായി നഷ്ടത്തിലായാലും മറ്റൊരർഥത്തിൽ അത് ലാഭകരമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. വിളകളിൽനിന്ന് പറവകളും ജന്തുക്കളും പ്രാണികളുമൊക്കെ ഭക്ഷിക്കും. ഇത് പുണ്യം കിട്ടുന്ന ദാനമാണെന്നതാണ് ദീനിന്റെ കാഴ്ചപ്പാട്. ഇങ്ങനെ ലോകത്ത് അല്ലാഹുവിന്റെ ഒരുപാട് സൃഷ്ടികൾക്ക് ഭക്ഷണം ലഭിക്കുന്നതാണ് കൃഷി. അതുകൊണ്ട് അല്ലാഹുവിന്റെ അടുത്ത് ഏറ്റവുമധികം പ്രതിഫലത്തിനർഹനാവുന്നവരിലൊരാളാണ് കർഷകൻ. അതുകൊണ്ടുകൂടിയാണ് ഞാൻ കൃഷിയിൽ ശ്രദ്ധിച്ചത്.

ലോകത്ത് ഇല്ലാത്ത ഒന്ന് ഉൽപാദിപ്പിക്കലാണ് കൃഷി. അസംസ്കൃത പദാർഥങ്ങളെ സംസ്കരിക്കലാണ് വ്യവസായം; ഉള്ള ഒന്നിനെ രൂപംമാറ്റലാണത്. എന്നാൽ കൃഷി പുതിയവയെ ഉൽപാദിപ്പിക്കലാണ്. ഒരുപാട് പേർക്ക് തൊഴിലും കിട്ടും. കൃഷി, ഒരു കർഷകനിൽ വലിയ സന്തോഷമാണുണ്ടാക്കുക. ഖുർആൻതന്നെ അത് പറഞ്ഞിട്ടുണ്ട് (*അൽ ഫത്ഹ്* 24). വിത്തു നട്ട കർഷകൻ അത് മുളച്ച്, വളർന്നുവലുതായി, പൂത്ത് ഫലം കായ്ക്കുന്ന സന്ദർഭങ്ങളിലൊക്കെ വലിയ സന്തോഷമാണ് അനുഭവിക്കുക. മനഃസംഘർഷത്തിൽനിന്നും പിരിമുറുക്കത്തിൽനിന്നും രക്ഷപ്പെടാനും കൃഷിയിലൂടെ കഴിയും. ടെൻഷൻ ഏറ്റവും കുറഞ്ഞ മേഖലയാണ് കൃഷി. വ്യവസായ വാണിജ്യ മേഖലകളിലും മറ്റും പ്രവർത്തിക്കുന്നവർ എപ്പോഴും വലിയ ടെൻഷൻ അനുഭവി



മാർക്സ്

ച്ചുകൊണ്ടിരിക്കും. എന്നാൽ അതുമായി തുലനം ചെയ്യുമ്പോൾ കാർഷിക മേഖലയിൽ ടെൻഷൻ ഇല്ല. കൃഷി നാശം വരുന്ന വിധത്തിൽ മഴ പെയ്യുമ്പോഴും വെള്ളം കിട്ടാതാകുമ്പോഴുമൊക്കെയാണ് കർഷകന് മാനസിക പ്രയാസം ഉണ്ടാവുക. ഇതുതന്നെ സ്ഥിര സ്വഭാവമുള്ളതല്ല. എന്നാൽ ബിസിനസിലെ ടെൻഷൻ അങ്ങനെയല്ലല്ലോ.

അല്ലാഹുവിന്റെ ഖലീഫയായി ഭൂമിയിൽ ജീവിക്കുന്ന ഒരാളുടെ ബാധ്യതയാണ് കൃഷി. 'ഖലീഫ' (അല്ലാഹുവിന്റെ പ്രതിനിധി)യുടെ ചുമതലയെക്കുറിച്ച് രണ്ട് വീക്ഷണങ്ങളുണ്ട്. അതിലൊന്ന് അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ച് മുത്തഖിയായി ജീവിക്കുകയാണ് ഖലീഫയുടെ പണി എന്നതാണ്. ഇതാണ് ഖലീഫയുടെ ഉത്തരവാദിത്വമെങ്കിൽ അത് മലക്കുകൾ ചെയ്തുകൊണ്ടിരുന്നതാണ്. മലക്കുകൾ തന്നെ അല്ലാഹുവിന്റെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതുമാണ്. 'ഞങ്ങൾ നിന്നെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നുണ്ടല്ലോ' എന്നു പറഞ്ഞ മലക്കുകൾ, പിന്നെ എന്തിനാണ് മനുഷ്യനെ സൃഷ്ടിക്കുന്നത് എന്ന സംശയം ഉന്നയിച്ചു. അല്ലാഹു പറഞ്ഞത് 'ഞാൻ ഖലീഫയെ സൃഷ്ടിക്കുന്നു'വെന്നാണ്. അപ്പോൾ ആരാധനകളിൽ ചടഞ്ഞുകൂടലല്ല ഖലീഫയുടെ ദൗത്യം. ഭൂമിയുടെ പരിപാലനം, ഉൽപാദനം, വംശവർധനവ് തുടങ്ങിയവയൊക്കെ മനുഷ്യനാണ് നിർവഹിക്കേണ്ടത്. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചു, ആദമും തുണയായി ഹവ്വയും. വംശവർധനവ് മനുഷ്യന്റെ ബാധ്യതയാണ്. മറ്റു ജീവജാലങ്ങളുടെയും അവസ്ഥ ഇതു തന്നെ. മാത്രമല്ല, മനുഷ്യനിലൂടെയാണ് പല സൃഷ്ടിജാലങ്ങളുടെയും നിലനിൽപുണ്ടാകുന്നത്. കൃഷിയിലൂടെ മനുഷ്യൻ ചെയ്യുന്നതതാണ്. ഖലീഫയുടെ

ചുമതലയാണതുവഴി അവൻ നിർവഹിക്കുന്നത്.

മനുഷ്യൻ ചെയ്യേണ്ട പണി ചെയ്യാൻ മലക്കുകൾക്കാകില്ല; മലക്കുകൾ ചെയ്യുന്നത് മനുഷ്യർക്കും. മനുഷ്യർക്ക് സേവനം ചെയ്യുക മലക്കുകളുടെ ബാധ്യതയാണ്. മലക്കുകളോട് ആദമിന് സുജൂദ് ചെയ്യാൻ അല്ലാഹു കൽപിച്ചു. സേവന സന്നദ്ധരായി തലകുനിക്കുകയെന്നാണ് അവിടെ സുജൂദിന്റെ അർഥം. പക്ഷേ നമുക്കറിയുന്ന സുജൂദ് എട്ട് അവയവങ്ങളിലായി നെറ്റി മണ്ണിൽ വെച്ച് ചെയ്യുന്ന നമസ്കാരത്തിലെ സുജൂദാണ്. ഖുർആൻ സുജൂദ് എന്ന് പ്രയോഗിച്ചത് അതിനു മാത്രമല്ല. ആകാശങ്ങളും ഭൂമിയും അവയിലുള്ളതൊക്കെയും അല്ലാഹുവിന് സുജൂദ് ചെയ്യുന്നു എന്ന് ഖുർആൻ പറയുന്നു. ആ സുജൂദിന്റെ അർഥം എന്താണ്? ആദമിന് സുജൂദ് ചെയ്യുകയെന്നതിന്റെ അർഥവും ഇങ്ങനെ മനസ്സിലാക്കേണ്ടതാണ്.

ഖലീഫയുടെ ബാധ്യതയിൽ പെട്ടതാണ് കൃഷി. മണ്ണ് ശരിപ്പെടുത്തി വിത്തിറക്കുക, വെള്ളവും വളവും നൽകുക ഇതാണ് മനുഷ്യൻ ചെയ്യേണ്ടത്. അത് മുളപ്പിച്ച് വലുതാക്കി ഫലം തരികയെന്നത് അല്ലാഹുവിന്റേതാണ്. നെല്ലിനെ കുറിച്ച് ചിന്തിക്കുക. ഓരോ നെൽചെടിയിലും പൂവുകളുണ്ടാകും. അതിൽ ബീജം ഇറങ്ങിയിട്ടാണത് നെൽവിത്തായി മാറുന്നത്. ഈ ബീജമിറക്കലും പരാഗണവുമൊക്കെ മനുഷ്യൻ ചെയ്യേണ്ടതായിരുന്നുവെങ്കിൽ അതിനുവേണ്ടി എത്ര പണവും അധ്വാനവും ചെലവഴിക്കേണ്ടിവരുമായിരുന്നു! ഇത് മലക്കുകളിലൂടെയും മറ്റുമാണ് അല്ലാഹു നിർവഹിക്കുന്നത്. അപ്പോൾ പ്രപഞ്ചത്തിൽ മലക്കുകൾ നിർവഹിക്കേണ്ടതും മനുഷ്യൻ നിർവഹിക്കേണ്ടതുമായ ഉത്തരവാദിത്വങ്ങൾ ഉണ്ട്. കൃഷിയെ ഞാൻ മനസ്സിലാക്കുന്നത് അല്ലാഹുവിന്റെ ഖലീഫയെന്ന നിലക്ക് നിർവഹിക്കേണ്ട ചുമതലകളിലൊന്നായാണ്. കൃഷി വൈജ്ഞാനിക മേഖലയെ പ്രതികൂലമായി ബാധിക്കുകയില്ല, അതിന് ഗുണകരമായിത്തീരുകയാണ് ചെയ്യുക. ഏകാന്തതയിലാണ് പുതിയ ചിന്തകൾ രൂപപ്പെടുക. ഞാൻ ഏകാന്തത ഇഷ്ടപ്പെടുന്നയാളാണ്. വയലിൽ പണിക്കു പോകുമ്പോഴും യാത്ര ചെയ്യുമ്പോഴും കഴിവതും ഒറ്റക്കായിരിക്കും. അപ്പോൾ ധാരാളമായി ചിന്തിക്കാൻ കഴിയും.

### ശൂറയുടെ പ്രത്യേകത

ശൂറാ സംവിധാനമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സവിശേഷതകളിലൊന്ന്. ശൂറയുടെ മുമ്പിൽ വരുന്ന വിഷയങ്ങളെക്കുറിച്ച് വിശദവും ആഴത്തിലുള്ളതുമായ ചർച്ചകൾ നടക്കും. ഭിന്ന വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ അംഗങ്ങൾ അവതരിപ്പിക്കും. നല്ല സംവാദങ്ങളും നടക്കും. ഭൂരിപക്ഷാഭിപ്രായമനുസരിച്ച് തീരുമാനങ്ങളെടുക്കും. തള്ളപ്പെട്ട അഭിപ്രായങ്ങളുള്ളവരും സർവാത്മനാ തീരുമാനം അംഗീകരിക്കും. വീക്ഷണങ്ങളിൽ ഭിന്നതയുണ്ടാകുമ്പോഴും അംഗങ്ങൾക്കിടയിൽ കവിഞ്ഞ സ്നേഹവും ആദരവും നിലനിൽക്കും. തീരുമാനമെടുത്തു കഴിഞ്ഞാൽ പിന്നെ ഒരാളും അതിനെ എതിർക്കില്ല. ആർക്കുമിടയിൽ ഒരു നീരസവും ഉണ്ടാകില്ല.



കെ. മൊയ്തുമൗലവി

**ഗൾഫിൽനിന്ന് വന്ന ശേഷമാണ് കൃഷിയിൽ സജീവമായത്. ഇവിടെ അടുത്ത് കുറച്ച് സ്ഥലം വാങ്ങി കൃഷി തുടങ്ങി. മലമുകളിലെ സ്ഥലത്ത് തെങ്ങ്, കശുമാവ്, കുറച്ച് റബർ എന്നിവയും വയലിൽ നെൽകൃഷിയുമാണ് ചെയ്തത്. സ്വന്തമായുള്ള വയലിന് പുറമെ മറ്റൊരാളിൽനിന്ന് പാടം പാട്ടത്തിനെടുത്തും നെൽകൃഷി ചെയ്തിരുന്നു. പണിക്കാരെ കിട്ടാതെ വന്നപ്പോഴാണ് നെൽകൃഷി നിർത്തിയത്. നെൽകൃഷി നിർത്തിയ ശേഷം വാഴ, കപ്പ തുടങ്ങിയവയും പച്ചക്കറികളുമൊക്കെയാണ് ഇപ്പോഴത്തെ കൃഷി. മിക്കവാറും എല്ലാ ഇനം പച്ചക്കറികളും എന്റെ തോട്ടത്തിലുണ്ട്.**

'വഅംറുഹുംശൂറാ ബൈനഹും, വശാവിർഹും ഫിൽ അംറ്' എന്നൊക്കെ ഖുർആൻ പറഞ്ഞിട്ടുണ്ട്. കൂടിയാലോചനയിലൂടെ കാര്യങ്ങൾ തീരുമാനിക്കണം എന്നത് പ്രവാചകനുള്ള കൽപനയായിരുന്നു. വഹ്‌യ് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രവാചകനോട് പോലും കൂടിയാലോചന നടത്തണം എന്നാണ് കൽപന. വീഴ്ചകൾ സംഭവിച്ച ആളുകൾക്ക് മാപ്പു കൊടുക്കാനും അവർക്കുവേണ്ടി അല്ലാഹുവോട് പാപമോചനം തേടാനും നബിയോട് കൽപിച്ച ശേഷമാണ് അല്ലാഹു പറഞ്ഞത് അവരോടും കൂടിയാലോചിക്കണമെന്ന്. അല്ലാഹു ഇടപെട്ടുകൊണ്ടിരിക്കുമ്പോഴും പ്രവാചകൻ കൂടിയാലോചന നടത്താൻ കൽപിക്കപ്പെട്ടത് ശൂറയുടെ പ്രാധാന്യം സൂചിപ്പിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ശൂറാ സംവിധാനത്തിന്റെ ഖുർആനികാടിത്തറ ഇതാണ്. മറ്റു സംഘടനകൾക്ക് കൂടിയാലോചനാ സമിതികൾ ഉണ്ടെങ്കിലും, ശൂറാ സംവിധാനം അതിന്റെ തനതായ രൂപത്തിൽ സജീവവും ഫലപ്രദവുമായി നിലനിൽക്കുന്നത് ജമാഅത്തെ ഇസ്‌ലാമിയിലാണ്. ഭിന്നാഭിപ്രായങ്ങൾ ഉള്ളവർക്ക് ഒന്നിച്ചുനിന്ന് പ്രവർത്തിക്കാനും മുന്നോട്ടുപോകാനും സംഘടനയുടെ കെട്ടുറപ്പ് നിലനിർത്താനും കഴിയുന്നത് ശൂറയുടെ പ്രത്യേകതകൊണ്ടാണ്. അതില്ലായിരുന്നെങ്കിൽ ജമാഅത്തിലും പിളർപ്പ് സംഭവിക്കുമായിരുന്നു. അധികാരമുള്ള ബോഡിയല്ല ജമാഅത്തിന്റെ ശൂറ. അത് അമീറിന്റെ കൂടിയാലോചനാ സമിതിയാണ്. ജമാഅത്തിൽ അധികാരമുള്ള വേദി അഖിലേന്ത്യാ പ്രതിനിധിസഭയാണ്. പിന്നെ അമീറും. അല്ലാഹുവിന്റെ അനുഗ്രഹവും ജമാഅത്തിന്റെ കൂടിയാലോചനാ സംവിധാനങ്ങളും ജനാധിപത്യ സ്വഭാവവുമാണ് സംഘടനയുടെ കെട്ടുറപ്പിന്റെ പ്രധാന ഘടകം. അതില്ലാതാകുമ്പോഴോ ദുർബലമാകുമ്പോഴോ ആണ് സംഘടനകൾ പിളരുന്നത്. വ്യക്തികൾക്ക് ജമാഅത്തിനെ ഹൈജാക്ക് ചെയ്യാനാവില്ല. ഒരു വ്യക്തി സംഘടനയോട് വിയോജിപ്പ് തോന്നി പുറത്ത് പോവുകയാണെന്ന് വെക്കുക. പോകുന്നത് എത്ര വലിയ വ്യക്തിയാണെങ്കിലും നേതാവാണെങ്കിലും അദ്ദേഹം ഒറ്റക്ക് പോവുക എന്നതല്ലാതെ, അദ്ദേഹത്തിന്റെ കൂടെ ഒരു ഗ്രൂപ്പ് ഇറങ്ങി പോകില്ല. അത്തരം ഒരു ചരിത്രവുമില്ല. വഹീദുദ്ദീൻ ഖാൻ, അമീൻ അഹ്സൻ ഇസ്‌ലാഹി, ശംസ് പീർ സാദ തുടങ്ങിയവരൊക്കെ ജമാഅത്തിൽനിന്ന് പോയിട്ടും അവരുടെ കൂടെ ഒരു ഗ്രൂപ്പും പോയിട്ടി

ല്ല. പുറത്ത് പോയവരിൽ പലരും പിൽക്കാലത്ത് ജമാഅത്തിനോട് സഹകരിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സ്വീകരിക്കുന്ന രീതിയും ഇതുതന്നെയാണ്. ജമാഅത്തിനോട് സംഘടനാബന്ധം വിഛേദിച്ച ശേഷവും ഒരു മുത്തഫിഖിനെ പോലെയാണ് ശംസ് പീർസാദ പ്രവർത്തിച്ചത്.

## കെ.സി അബ്ദുല്ല മൗലവി

ഖുർആനിക വിഷയങ്ങളിൽ നല്ല പാണ്ഡിത്യമുള്ള ചിന്തകനും പണ്ഡിതനുമായിരുന്നു മർഹൂം കെ.സി അബ്ദുല്ല മൗലവി. ധീരതയും ആർജവവും ആജ്ഞാശക്തിയുമുള്ള നേതാവായിരുന്നു അദ്ദേഹം. ഇസ്‌ലാമിനെ ഖുർആനിൽനിന്ന് പഠിക്കണം എന്ന് കെ.സി എപ്പോഴും പറയാറുണ്ടായിരുന്നു. കെ.സിയുടെ പഠനങ്ങൾ ഖുർആൻ കേന്ദ്രീകരിച്ചായിരുന്നു. കെ.സി വളരെ കുറച്ചു പുസ്തകങ്ങളേ എഴുതിയിട്ടുള്ളൂവെങ്കിലും അവ കാലാതിവർത്തിയായി നിലകൊള്ളാൻ മാത്രം ആശയ ഗാംഭീര്യമുള്ളവയാണ്. ഖുർആനിൽ കേന്ദ്രീകരിച്ചുകൊണ്ടാണവ എഴുതിയിട്ടുള്ളത്. അതുകൊണ്ട് കുറച്ചെഴുതിയാൽ മതി. അതാണ് കെ.സി ചെയ്തത്. ചിന്തകൾ കുറയുകയും ആശയ ദൗർലഭ്യം ഉണ്ടാവുകയും ചെയ്യുമ്പോഴാണ് പറഞ്ഞതുതന്നെ ആവർത്തിച്ച് പറഞ്ഞു ഒരുപാട് ഗ്രന്ഥങ്ങൾ എഴുതേണ്ടി വരുന്നത്. കെ.സിയുടെ *പരലോകം ഖുർആനിൽ*, *പ്രബോധനം ഖുർആനിൽ*, *അല്ലാഹു ഖുർആനിൽ* തുടങ്ങിയ പുസ്തകങ്ങൾ അദ്ദേഹത്തിന്റെ ഖുർആനിക പാണ്ഡിത്യത്തിന്റെ അടയാളങ്ങളാണ്. എനിക്ക് പഠന-ചിന്താരംഗത്ത് ഏറ്റവുമധികം പ്രചോദനം കിട്ടിയത് കെ.സിയിൽനിന്നാണ്.

തീരുമാനങ്ങൾ എടുത്തുകഴിഞ്ഞാൽ അവ നടപ്പിലാക്കുന്നതിൽ കെ.സിക്ക് ഒന്നും തടസ്സമായിരുന്നില്ല. ഒരാളുടെയടുത്ത് പിഴവുകൾ കണ്ടാൽ അത് തിരുത്തുന്നതിൽ- അത് എത്ര വലിയ ആളുടേതാണെങ്കിലും- കെ.സിക്ക് ഒട്ടും മടിയുണ്ടായിരുന്നില്ല. അമീർ എന്ന നിലക്ക് നല്ല ആജ്ഞാശക്തിയുണ്ടായിരുന്നു കെ.സിക്ക്. ശൂറയിൽ വളരെ കുറച്ച് അഭിപ്രായങ്ങളേ കെ.സി പറയാറുണ്ടായിരുന്നുള്ളൂ. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ വളരെ ശ്രദ്ധാപൂർവം കേൾക്കും. അനിവാര്യമെന്ന് തോന്നുമ്പോൾ, ചർച്ച ഗതി മാറുമ്പോൾ മാത്രം അദ്ദേഹം ഇടപെടും. ശൂറയുടെ അഭിപ്രായം അങ്ങനെതന്നെ നടപ്പിലാക്കും. ശൂറയിൽ ആദ്യം അഭിപ്രായം പറയുന്ന സ്വഭാവമേ കെ.സിക്ക് ഉണ്ടായിരുന്നില്ല. ജമാഅത്തിന്റെ അഖിലേന്ത്യാ അമീറായിരുന്ന അബുല്ലൈസ് സാഹിബിന്റെയുംമറ്റും രീതിയും അതുതന്നെയായിരുന്നു. ശൂറയിൽ ഒരിക്കലും ആദ്യം അഭിപ്രായം പറയില്ല. തെരഞ്ഞെടുപ്പിലെ വോട്ടിംഗിനെക്കുറിച്ച് അഖിലേന്ത്യാ പ്രതിനിധിസഭയിൽ ചർച്ച നടന്നു. പക്ഷേ അബുല്ലൈസ് സാഹിബ് ഒരിക്കലും തന്റെ അഭിപ്രായം പറഞ്ഞിരുന്നില്ല. മരണം വരെയും പറഞ്ഞിരുന്നില്ല. ഒരിക്കൽ എസ്.ക്യു.ആർ ഇല്യാസ് സാഹിബ് അദ്ദേഹത്തോട് അഭിപ്രായം ചോദിച്ചു. ' ഈ സഭയുടെ അഭിപ്രായമെന്താണോ അതുതന്നെയാണ് എന്റെയും അഭിപ്രായം' എന്നായിരുന്നു അബുല്ലൈസ് സാഹിബിന്റെ മറുപടി. 'അധ്യക്ഷൻ' എന്നത് വലിയ പദവിയാണ്. അതുകൊണ്ട് അദ്ദേഹം ആദ്യംതന്നെ ഒരു അഭിപ്രായം പറയുകയോ ഇടക്കിടക്ക് അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയോ ചെയ്യുന്ന രീതി ശരിയല്ല. അധ്യക്ഷന് ആമുഖവും ഉപസംഹാരവും നടത്താൻ രണ്ട് അവസരം ഉള്ളതും കാസ്റ്റിംഗ് വോട്ട് ഉള്ളതും ഈ പ്രത്യേക പദവി ഉള്ളതുകൊണ്ടാണ്.

കെ.സി ഒരിക്കൽ പോലും ജമാഅത്തിൽനിന്ന് സാമ്പത്തിക സഹായം സ്വീകരിച്ചതായി അറിയില്ല. ശമ്പളവും വാങ്ങിയിട്ടില്ല. സാമ്പത്തികരംഗത്ത് വമ്പിച്ച പരാജയവും കച്ചവടത്തിൽ തകർച്ചയുമൊക്കെ കെ.സിക്കുണ്ടായിട്ടുണ്ട്. എന്നിട്ടും സംഘടനയിൽനിന്ന് സാമ്പത്തിക സഹായം സ്വീകരിക്കാത്ത വ്യക്തിയായിരുന്നു കെ.സി.

## കെ. മൊയ്തു മൗലവി

പ്രസന്നമായ മുഖവും മനസ്സുമുള്ള പണ്ഡിതനായിരുന്നു മർഹൂം കെ. മൊയ്തു മൗലവി. ഞാൻ ആദ്യമായി കണ്ടുമുട്ടിയ ജമാഅത്തിന്റെ നേതൃത്വത്തിലുള്ള വ്യക്തിയായിരുന്നു അദ്ദേഹം. ദക്ഷിണ കേരളത്തിൽ വെച്ചാണ് ഞങ്ങൾ പരിചയപ്പെട്ടത്. ജമാഅത്തിനെ പഠിച്ച് അതിലേക്ക് വന്നുകൊണ്ടിരുന്ന എന്നെ സംഘടനയിൽ ഉറപ്പിച്ചുനിർത്തിയത് അദ്ദേഹമായിരുന്നു. കിതാബുകളുടെ ഉദ്ധരണികൾ പറഞ്ഞുകൊണ്ടുതന്നെ ജമാഅത്തിന്റെ വഴി അഹ്‌ലുസ്സുന്നത്തിന്റേതാണെന്ന് അദ്ദേഹമെന്നെ ബോധ്യപ്പെടുത്തി.

മികച്ച സംഘാടകനും ജനങ്ങളെ ആകർഷിക്കുന്ന പ്രസംഗകനും പണ്ഡിതനും അറബി കവിയുമായിരുന്നു മൊയ്തുമൗലവി. അറബി കവിയെന്ന അർഥത്തിൽ വിജയിച്ച അദ്ദേഹം നഹ്‌വിലും പ്രാഗത്ഭ്യമുള്ള ആളായിരുന്നു. പഴയ കാലത്തെ സുന്നീ പണ്ഡിതന്മാരുടെ കൂട്ടത്തിലെ പ്രതിഭാധനനുമായിരുന്നു. പൊതു മുസ്‌ലിം സമൂഹത്തിൽനിന്ന് ധാരാളമാളുകളെ സ്വാധീനിക്കാനും ജമാഅത്തിലേക്ക് ആകർഷിക്കാനും കഴിഞ്ഞത് മൊയ്തു മൗലവിയുടെ വ്യക്തിത്വിലൂടെയായിരുന്നു. ഇന്ന് മൊയ്തു മൗലവിയെപ്പോലൊരാൾ നമുക്കിടയിലില്ല. പ്രസംഗത്തിലും പാണ്ഡിത്യത്തിലും പ്രവർത്തനങ്ങളിലും ആ പാത പിൻതുടരുന്ന ഒരാൾക്ക് സാധാരണ മുസ്‌ലിംകളെ ആകർഷിക്കാനാകും. അത്തരം വ്യക്തികൾ വളർന്നുവരണം. ഇപ്പോൾ വികർഷണ മനസ്സാണ് പ്രസംഗകരിൽ കണ്ടുവരുന്നത്, ആകർഷണ മനസ്സല്ല. പ്രസംഗകർ പ്രാധാന്യപൂർവം ശ്രദ്ധിക്കേണ്ട ഒരു വിഷയമാണിത്. ഒരു പ്രസംഗം അനുകൂലിക്കുന്നവരെ സന്തോഷിപ്പിക്കുകയും എതിർക്കുന്നവരെ വെറുപ്പിക്കുകയും ചെയ്യുകയാണെങ്കിൽ പരാജയമാണ്. അനുഭാവിയുടെയും അനുയായികളുടെയും കൈയടി വാങ്ങുകയെന്നതല്ല, എതിരാളികളുടെയും വിയോജിക്കുന്നവരുടെയും അംഗീകാരം നേടുകയെന്നതാണ് ഒരു പ്രസംഗകന്റെ വിജയം. എതിർക്കുന്നയാൾക്ക് സത്യം മനസ്സിലാക്കാനും തെറ്റ് തിരുത്താനും ശരിയിലേക്ക് വരാനും പ്രചോദനമുണ്ടാകണം. ഇതാണ് ആകർഷണ സ്വഭാവമുള്ള പ്രസംഗം. എതിരാളിയെ വിമർശിച്ചും അടിച്ചമർത്തിയും മുന്നോട്ടു പോകുന്ന രീതിയല്ല, അവരെയും കൂടെ നിർത്തുന്ന പ്രവർത്തനവും പ്രസംഗവുമായിരുന്നു ഹാജി സാഹിബിന്നും കെ. മൊയ്തു മൗലവിക്കും ഇസ്സുദ്ദീൻ മൗലവിക്കും മറ്റു ആദ്യകാല പണ്ഡിതന്മാർക്കൊക്കെയും ഉണ്ടായിരുന്നത്. മുമ്പിൽ നടന്നുപോയവരുടെ മഹത്വം പ്രസംഗിക്കുകയോ അതിൽ അഭിമാനം കൊള്ളുകയോ ചെയ്യുന്നതിലല്ല, അവരുടെ ത്യാഗോജ്ജ്വലമായ പാത പിന്തുടരുന്നതിലാണ് വിജയം. ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി മൗലിക ചിന്തകൾ രൂപപ്പെടുത്തി കാലത്തിന്റെ ഹൃദയമിടിപ്പുകൾ തൊട്ടറിഞ്ഞ് മുന്നോട്ടു പോകാൻ കഴിയണം. പൂർവികർ കൊളുത്തിവെച്ച ഈ കൈത്തിരി നമ്മുടെ കൈകളിൽ ജ്വലിച്ചുനിൽക്കണം. അവർ നട്ടുവളർത്തിയ ഈ ഫലവൃക്ഷം പുതിയ തലമുറയിലൂടെ പടർന്നു പന്തലിക്കണം. ഖുർആന്റെ വെളിച്ചത്തിൽ, നേർവഴിയിൽ ആത്മാർഥ മനസ്സോടെ മുന്നോട്ടു പോവുക. ജീവിതം നൽകി ഈ പ്രസ്ഥാനത്തെ വളർത്തിയെടുത്ത് അല്ലാഹുവിലേക്ക് യാത്രയായവരുടെ വഴി മറക്കാതിരിക്കുക. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ■

(അവസാനിച്ചു)